## കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് -തിരുവനന്തപുരം ജില്ലാ സൈനിക ക്ഷേമ ആഫീസിലെ പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീ.എസ്.ജയരാജന് ദുർബലത പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(സാധാ)നം.28/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:09.05.2022**

പരാമർശം:- 1. ശ്രീ.ജയരാജൻ.എസ്, പാർട്ട് ടൈം സ്വീപ്പർ, തിരുവനന്തപുരം ജില്ലാ സൈനിക ക്ഷേമ ഓഫീസർ മുമ്പാകെ സമർപ്പിച്ച 24.4.2017 തീയതിയിലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.02.2021 തീയതിയിലെ A2-6544/2017/DSW നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലാ സൈനിക ക്ഷേമ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീ.എസ്.ജയരാജൻ തന്റെ ശാരീരിക സ്ഥിതി പരിഗണിച്ച് മാനുഷിക പരിഗണന നൽകി സാമ്പത്തിക ആനുകൂല്യങ്ങളോടു കൂടി സർവ്വീസിൽ നിന്നും വിടുതൽ നൽകണമെന്ന് കാണിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് കെ.എസ്.ആർ ഭാഗം III ചട്ടം 43(c) വ്യവസ്ഥ ചെയ്യും പ്രകാരം ഒരു മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാകുന്നതിന് ടിയാന് നിർദ്ദേശം നൽകുകയും മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരായി കെ.എസ്.ആർ ഭാഗം III ചട്ടം 46(a) നിർദ്ദേശിക്കുന്ന മാതൃകയിൽ ടിയാൻ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, ടിയാന് ദുർബലത പെൻഷൻ അനുവദിക്കണമെന്ന ശുപാർശ സഹിതം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുമുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.ജയരാജൻ.എസ് -ന്റെ ശാരീരിക സ്ഥിതി സംബന്ധിച്ച് സർക്കാർ മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട നിന്ന് ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ജയരാജൻ.എസ്, പാർട്ട് ടൈം സ്വീപ്പർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതിയായ 10.12.2020 പ്രാബല്യത്തിൽ ദുർബലത പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(....2)

ടിയാൻ ദുർബലത പെൻഷന് അപേക്ഷ സമർപ്പിച്ച 24.04.2017 മുതൽ 10.12.2020 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി റഗുലറൈസ് ചെയ്യേണ്ടതാണ്.

ടിയാന്റെ യഥാർത്ഥ സർവ്വീസ് കാലയളവിനൊപ്പം പരമാവധി 5 വർഷം സർവ്വീസ് വെയിറ്റേജ് അനുവദിച്ച് അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. ഇപ്രകാരം വെയിറ്റേജ് അനുവദിക്കുമ്പോൾ പരമാവധി സർവ്വീസ് കവിയാൻ പാടില്ലാത്തതും ഇൻവാലിഡേറ്റ് ചെയ്യപ്പെടുന്ന തീയതിക്കും യഥാർത്ഥത്തിൽ വിരമിക്കേണ്ട തീയതിക്കും ഇടയിലുള്ള കാലത്തേക്കാൾ സർവ്വീസ് വെയിറ്റേജ് കൂടുതലാകാൻ പാടില്ലാത്തതുമാണ്.

പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

3. ശ്രീ.ജയരാജൻ.എസ് (പാർട്ട് ടൈം സ്വീപ്പർ), അഞ്ചു ഭവൻ, ചെറുവാളം, കെ.റ്റി കുന്ന്.പി.ഒ, കല്ലറ (ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ